## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2883

2.4.2013 ൽ
മറുപടിയ്ക്ക്

## അരിവിതരണം ശക്തമാക്കാൻ കർമ്മപരിപാടി

ചോദ്യം

ശ്രീ. പി.എ.മാധവൻ :
ശ്രീ. വി.പി.സജീന്ദ്രൻ :
ശ്രീ. എം.പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) അരിവിതരണം ശക്തമാക്കാൻ എന്തെല്ലാം കർമ്മപരി പാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

എ) അരി വിതരണം ശക്തമാക്കാൻ സംസ്ഥാനത്തെ റേഷൻകടകൾ വഴി 2013 മാർച്ച് മാസത്തിൽ ചുവടെ ചേർക്കുന്ന നിരക്കിലും അളവിലും അരി വിതരണം ചെയ്യുന്നുണ്ട്.

| ഇനം | നിരക്ക്/കി.ഗ്രാം (രൂപ) | അളവ് (കി.ഗ്രാം) |
|---|---|---|
| 1.ബി.പി.എൽ | 1.00<br>6.20 | 25<br>5 |
| 2.എ.എ.വൈ | 1.00 | 35 |
| 3.എ.പി.എൽ (സബ്സിഡി) | 2.00 | 9 |
| 4.എ.പി.എൽ (നോർമൽ) | 8.90 | 10 |
| എ.പി.എൽ (3ലും 4 ലും പെട്ടവരിൽ 2009 ലെ ബി.പി.എൽ ലിസ്റ്റിൽ പെട്ടവർ) | 6.20 | 19 |

അരി വിതരണം ശക്തമാക്കുന്നതിന്റെ ഭാഗമായി അരിക്കട എന്ന പദ്ധതി പ്രകാരം കാർഡ് ഒന്നിന് ഒരു മാസം 20 കി.ഗ്രാം എന്ന കണക്കിൽ മട്ട അരി, ജയ അരി , കുറുവ അരി, പച്ചരി എന്നിവ യഥാക്രമം 16 രൂപ, 21 രൂപ, 19 രൂപ, 16 രൂപ എന്ന കണക്കിൽ സപ്ലൈകോയുടെ 1300 ഓളം വരുന്ന വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര പദ്ധതി പ്രകാരം കാർഡ് ഒന്നിന് 20.50 രൂപ നിരക്കിൽ 15 കി.ഗ്രാം പുഴുക്കലരി കൂടി വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് കാർഡ് ഒന്നിന് പ്രതിമാസം 35 കിലോ അരിയുടെ ലഭ്യത ഉറപ്പു വരുത്തി ശക്തമായ മാർക്കറ്റ് ഇടപെടൽ പദ്ധതി നടപ്പിലാക്കി വരുന്നു.

ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

ബി) ടി.പി.ഡി.എസ് മുഖേന അനുവദിക്കുന്ന അരി റേഷൻകടകൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ഒ.എം.എസ്.എസ് മുഖേന അനുവദിക്കുന്ന അരി സപ്ലൈകോയ്ക്കും കൺസ്യൂമർ ഫെഡിനും അനുവദിച്ചു നൽകുന്നുണ്ട്.

സി) പൊതുവിപണിയിൽ ഇടപെടുന്ന പ്രത്യേക കേന്ദ്ര പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് ഇതിന് നൽകുന്നത് ;

സി) പൊതുവിപണിയിൽ ഇടപെടുന്ന പ്രത്യേക കേന്ദ്ര പദ്ധതിയാണ് ഒ.എം.എസ്.എസ്. ഒ.എം.എസ്.എസ് (റീട്ടെയിൽ) പദ്ധതി പ്രകാരം 29.11.12 ൽ 20000 മെ.ടൺ അരിയും 500 മെ.ടൺ ഗോതമ്പും താഴെപറയുന്ന നിരക്കിൽ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

| ഇനം | വില (ക്വിന്റലിന് - വാറ്റ് നികുതിയില്ലാതെ) | |
|---|---|---|
| ഗോതമ്പ് | 1778 | രൂപ |
| പച്ചരി (ഗ്രേഡ് എ) | 1911 | ,, |
| പച്ചരി (കോമൺ) | 1866 | ,, |
| പുഴുക്കലരി (ഗ്രേഡ് എ) | 1883 | ,, |
| പുഴുക്കലരി (കോമൺ) | 1839 | ,, |

ഡി) എന്തെല്ലാം സാധനങ്ങളാണ് ഈ പദ്ധതി പ്രകാരം വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഡി) ഒ.എം.എസ്.എസ് പ്രകാരം അരിയും ഗോതമ്പുമാണ് അനുവദിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ